(സി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര തുക നഷ്ടപരിഹാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് ; ഇതു സംസ്ഥാന സർക്കാർ വഹിക്കാനാണോ തീരുമാനിച്ചിട്ടുള്ളത് ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിന്റെ ഭാഗമായി ഈ ലൈൻ മുഖാന്തരം കൂടങ്കുളം ആണവ നിലയത്തിൽ നിന്ന് കൊണ്ടുവരുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ അധിക ചെലവുണ്ടാകും ?

ഉത്തരം

(എ&ബി) തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള 400 കെ.വി. ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്. റൈറ്റ് ഓഫ് വേ (Right of way) പ്രശ്നങ്ങളും കർഷകരുടെ എതിർപ്പും മൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരുന്ന ഇടമൺ-കൊച്ചി സെക്ടറിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പുതുക്കിയ പ്രത്യേക നഷ്ടപരിഹാര പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള പ്രാരംഭ നടപടികൾ എറണാകുളം, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുകയും കോട്ടയം ജില്ലയിൽ സർവ്വേ പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 18 കി.മീറ്ററിൽ 9 കി.മീ. ലൈനിന്റെ പ്രാരംഭ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പ്രത്യേക നഷ്ടപരിഹാര പാക്കേജിലെ വ്യവസ്ഥകൾ പ്രകാരം ഭൂവുടമകൾക്കുലഭിക്കുന്ന നഷ്ടപരിഹാര തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആകെ വരുന്ന നഷ്ടപരിഹാര തുക പവർഗ്രിഡ് കോർപ്പറേഷനും കെ.എസ്.ഇ.ബി. ലിമിറ്റഡും ഗവൺമെന്റും ചേർന്ന് നിശ്ചിത അനുപാതത്തിൽ പങ്കിട്ടുവഹിക്കുന്നതാണ്.

പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രകാരം സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് വഹിക്കേണ്ടതായ അധിക സാമ്പത്തിക ബാദ്ധ്യതയായി കണക്കാക്കിയിട്ടുള്ളത് ഏകദേശം 1020 കോടി രൂപയാണ്.

(ഡി) പദ്ധതി പൂർത്തീകരിച്ചതിനുശേഷം മാത്രമേ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

മങ്കട 66 കെ.വി. സബ് സ്റ്റേഷൻ

119 (486) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട 66 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സബ് സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മങ്കട 66 കെ.വി. സബ്സ്റ്റേഷൻ 30-9-2015-ന് കമ്മീഷൻ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly